പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5380**

01-07-2019 ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ജോയി**<br>**ശ്രീ.വി.അബ്ദുറഹിമാൻ**<br>**ശ്രീ.പി.കെ.ശശി**<br>**ശ്രീ.കെ.ജെ.മാക്സി** | **ശ്രീ. ഇ.പി. ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| എ) പ്രളയത്തെ തുടർന്നുണ്ടായ കഷ്ടനഷ്ടങ്ങൾ അതിജീവിച്ച് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രവർത്തന ലാഭത്തിലേക്ക് എത്തിക്കുന്നതിൽ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | എ) കേരളം നേരിട്ട മഹാ പ്രളയം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 39.60 കോടി രൂപയുടെ നഷ്ടം ഉണ്ടാക്കിയെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിട്ട സ്ഥാപനങ്ങൾക്ക് സർക്കാർ കൂടുതൽ പ്രവർത്തന മൂലധന സഹായം നൽകുക വഴി പ്രതികൂല സാഹചര്യത്തെ അതിജീവിക്കുവാൻ സ്ഥാപനങ്ങൾക്ക് സാധിച്ചു. മാത്രമല്ല ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച ആധുനികവത്ക്കരണ വിപുലീകരണ പദ്ധതികളും, മാനേജ്മെന്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലുകളും, റിയാബ് മുഖേന മാസം തോറും ബഹു. മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും നടത്തുന്ന പ്രവർത്തന അവലോകന സംവിധാനത്തിലൂടെയും നടത്തിയ ഇടപെടലുകൾ വളരെയധികം പ്രയോജനകരമായിട്ടുണ്ട്.<br>സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണ വിപുലീകരണ പദ്ധതികൾക്കായി കൂടുതൽ ധനസഹായം ബഡ്ജറ്റിൽ നിന്നും നൽകി സ്ഥാപനങ്ങളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

ബി) മുൻ സർക്കാരിന്റെ അവസാനവർഷം പ്രസ്തുത സ്ഥാപനങ്ങളുടെ അവസ്ഥ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കഴിഞ്ഞ ഓരോ വർഷവും പൊതുമേഖലാ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങൾ പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിവരിക്കാമോ;

ബി) സി) മുൻ സർക്കാരിൻെറ അവസാന വർഷം 2015-16ൽ വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 8 എണ്ണം ലാഭത്തിലും 32 എണ്ണം നഷ്ടത്തിലുമായിരുന്നു പ്രവർത്തിച്ചിരുന്നത്. ഈ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 123 കോടിരൂപയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ ഭാഗമായി കൂടുതൽ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ നഷ്ടം ഒരോ വർഷങ്ങളിലും കുറച്ചുകൊണ്ടുവന്ന് മൊത്തം ലാഭം നേടുവാനും സാധിച്ചു. മാത്രമല്ല സ്ഥാപനങ്ങളുടെ വിറ്റുവരവിനും വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

നിലവിൽ 2018-19 സാമ്പത്തിക വാർഷത്തെ കണക്കുകൾ പ്രകാരം 12 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ മൊത്തം ലാഭം 8.26 കോടിരൂപയായി ഉയർത്തുവാനും സാധിച്ചു.

ഡി) 2018-19 ലെ ഏറ്റവും കൂടുതൽ വിറ്റുവരവ് നേടിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ വളർച്ചാനിരക്ക് എത്രശതമാനം ആണെന്നും അറിയിക്കാമോ?

ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

## Details of improvement in Turnover of PSUs under Industries Department during 2017-18 and 2018-19

*Rs.in lakhs*

| Sl.No | Company | Turnover | | Increase/Decrease in Turnover | % of Increase / Decrease |
|---|---|---|---|---|---|
| | | 2017-18 | 2018-19 | | |
| 1 | United Electrical Industries Ltd.* | 373.71 | 2,845.03 | 2,471.32 | 661% |
| 2 | KELPALM | 3.05 | 11.14 | 8.09 | 265% |
| 3 | Kerala Automobiles Ltd | 84.19 | 288.51 | 204.32 | 243% |
| 4 | Autokast Ltd* | 1,023.38 | 1,856.53 | 833.15 | 81% |
| 5 | Kerala Electrical and Allied Engineering Company Ltd* | 9,582.80 | 16,907.40 | 7,324.60 | 76% |
| 6 | The Travancore Cements Ltd | 867.00 | 1,433.73 | 566.73 | 65% |
| 7 | Kerala State Drugs and Pharmaceuticals Ltd* | 2,977.57 | 4,886.37 | 1,908.80 | 64% |
| 8 | The Kerala Ceramics Ltd* | 430.29 | 679.94 | 249.65 | 58% |
| 9 | Steel Industrials Kerala Ltd* | 5,666.59 | 8,720.06 | 3,053.47 | 54% |
| 10 | Traco Cable Company Ltd* | 11,122.56 | 16,529.62 | 5,407.06 | 49% |
| 11 | Kerala Clays and Ceramic Products Ltd* | 95.74 | 141.15 | 45.41 | 47% |
| 12 | Sitaram Textiles Ltd* | 796.14 | 1,164.60 | 368.46 | 46% |
| 13 | Kerala Artisans' Development Corporation | 2,586.98 | 3,629.35 | 1,042.37 | 40% |
| 14 | Kerala State Textile Corporation Ltd | 3,213.16 | 4,395.36 | 1,182.20 | 37% |
| 15 | Priyadarshini Co-operative Spinning Mills * | 860.47 | 1,095.52 | 235.05 | 27% |
| 16 | Trivandrum Spinning Mills Ltd | 403.70 | 505.02 | 101.32 | 25% |
| 17 | Forest Industries (Travancore) Ltd | 2,491.00 | 3,100.00 | 609.00 | 24% |
| 18 | Kerala Small Industries Development Corporation Ltd | 16,673.92 | 20,301.90 | 3,627.98 | 22% |
| 19 | Travancore Titanium Products Ltd | 17,211.21 | 20,761.93 | 3,550.72 | 21% |
| 20 | The Kerala Minerals and Metals Ltd* | 72,266.53 | 82,989.24 | 10,722.71 | 15% |
| 21 | Kerala State Electronics Development Corporation Ltd | 40,245.05 | 45,949.79 | 5,704.74 | 14% |
| 22 | Transformers and Electricals Kerala Ltd | 18,258.19 | 20,227.30 | 1,969.11 | 11% |
| 23 | Malcotex * | 874.06 | 950.16 | 76.10 | 9% |
| 24 | Keltron Component Complex Ltd* | 6,348.37 | 6,825.75 | 477.38 | 8% |
| 25 | The Malappuram Co-operative Spinning Mills Ltd.* | 2,466.62 | 2,645.20 | 178.58 | 7% |
| 26 | Alleppey Co-operative Spinning Mills Ltd* | 1,506.81 | 1,611.47 | 104.66 | 7% |
| 27 | Travancore-Cochin Chemicals Ltd* | 24,194.70 | 25,625.05 | 1,430.35 | 6% |
| 28 | Malabar Cements Ltd* | 22,597.47 | 23,884.10 | 1,286.63 | 6% |
| 29 | Handicrafts Development Corporation (Kerala) Ltd | 1,202.00 | 1,262.25 | 60.25 | 5% |
| 30 | Keltron Electro Ceramics Ltd* | 1,427.94 | 1,482.15 | 54.21 | 4% |
| 31 | The Trichur Co-operative Spinning Mills Ltd | 873.76 | 882.18 | 8.42 | 1% |
| 32 | Kerala State Handloom Development Corporation Ltd* | 1,730.04 | 1,713.60 | -16.44 | -1% |
| 33 | Kerala State Industrial Enterprises Ltd | 8,563.26 | 8,011.67 | -551.59 | -6% |
| 34 | The Metal Industries Ltd* | 305.95 | 282.12 | -23.83 | -8% |
| 35 | The Cannannore Co-operative Spinning Mills Ltd* | 1,829.40 | 1,649.13 | -180.27 | -10% |
| 36 | Kerala State Bamboo Corporation Ltd | 1,200.94 | 1,048.03 | -152.91 | -13% |
| 37 | HANTEX* | 3,607.16 | 2,860.92 | -746.24 | -21% |
| 38 | Steel and Industrial Forgings Ltd* | 5,409.00 | 4,274.97 | -1,134.03 | -21% |
| 39 | The Quilon Co-operative Spinning Mills Ltd* | 575.22 | 227.09 | -348.13 | -61% |
| 40 | Kerala Mineral Development Corporation Ltd* | 74.02 | 10.90 | -63.12 | -85% |
| 41 | SAIL-SCL Kerala Ltd* | 6.29 | 0.04 | -6.25 | -99% |
| | Grand Total | 292,026.24 | 343,666.27 | | |